**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5442** **15-03-2023 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷിക്കാർക്കുള്ള മുച്ചക്രവാഹനം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ. ഫണ്ടും സാമൂഹ്യ നീതി വകുപ്പിൽ നിന്നുള്ള ഫണ്ടും ഉപയോഗിച്ച് ഭിന്നശേഷിക്കാരായവർക്ക് മോട്ടോർ ഘടിപ്പിച്ച മുച്ചക്ര വാഹനങ്ങൾ ലഭ്യമാക്കുന്ന പദ്ധതി നിലവിലുണ്ടോ; വിശദമാക്കാമോ; | (എ) | സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന 2018 വരെ എം. എൽ. എ ഫണ്ട് വിനിയോഗിച്ച് ഭിന്നശേഷിക്കാർക്ക് മോട്ടോർ ഘടിപ്പിച്ച മുച്ചക്ര വാഹനങ്ങൾ വിതരണം ചെയ്തിരുന്നു. ഇപ്പോൾ പ്രസ്തുത പദ്ധതിയ്ക്കായി എം. എൽ. എ ഫണ്ട് അനുവദിക്കുന്നില്ല. എം. എൽ. എ -മാരുടെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് മുൻപ് കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ നിർവ്വഹണ ഏജൻസിയായി ഭിന്നശേഷിക്കാർക്ക് മോട്ടോർ ഘടിപ്പിച്ച മുച്ചക്രവാഹനം വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ അനുബന്ധം : 1 ആയി ചേർത്തിട്ടുണ്ട്<br><br>നിലവിൽ സാമൂഹ്യ നീതി വകുപ്പിൽ നിന്നുള്ള പ്ലാൻ ഫണ്ട് വിനിയോഗിച്ച് ഭിന്നശേഷിക്കാർക്ക് മോട്ടോർ ഘടിപ്പിച്ച മുച്ചക്ര വാഹനങ്ങൾ സൗജന്യമായി കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന നൽകി വരുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ബി) | സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധം 2ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ